# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6757 — 10.07.2014 ൽ മറുപടിക്ക്

## കോങ്ങാട് സി.എച്ച്.സി.-യിലെ സ്റ്റാഫ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പി.എച്ച്.സി കൾ പലതും സി.എച്ച്.സി കൾ ആക്കി ഉയർത്തി സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചുവെങ്കിലും നാളിതുവരെ തസ്തികകൾ അനുവദിച്ചു നൽകുകയോ ആയതിൻപ്രകാരം ജീവനക്കാരെ നിയമിക്കുകയോ ചെയ്തിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇക്കാര്യം പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നല്കുമോ ; | (ബി) സി.എച്ച്.സി പാറ്റേൺ അനുസരിച്ച് തസ്തികകൾ നിലവിലില്ലാത്ത സി.എച്ച്.സി.കളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നതനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) ദീർഘകാലമായി ആവശ്യപ്പെടുന്ന കോങ്ങാട് സി.എച്ച്.സി യിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) കോങ്ങാട് സി.എച്ച്.സി ഉൾപ്പെടെയുള്ള സി.എച്ച്.സികളിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം ഒരു സമാഹൃത പ്രൊപ്പോസലായി സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ